**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3681** **02-03-2023 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് ഡ്രൈവിംഗ് ലൈസൻസുകൾ നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്മാർട്ട് ഡ്രൈവിംഗ് ലൈസൻസുകൾ നൽകുന്നതിന് തടസമുണ്ടോയെന്ന് അറിയിക്കാമോ; ഇത് സംബന്ധിച്ച് കേസുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലുള്ള കേസാണ് എന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് സ്മാർട്ട് ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് പുതിയ ടെൻഡർ ക്ഷണിക്കുന്നതിനെതിരെ M/s Rosemerta Solutions Pvt Ltd 2019 ൽ ഫയൽ ചെയ്ത 13525/2019 നമ്പർ റിട്ട് ഹർജി നിലവിലുണ്ട്. പ്രസ്തുത ഹർജിയുമായി ബന്ധപ്പെട്ട് ബഹു: കേരള ഹൈക്കോടതി 15/02/2023 ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് പ്രകാരം ഡ്രൈവിംഗ് ലൈസൻസ് പരിഷ്കരിക്കുന്നതിനുള്ള നടപടികളുമായി സർക്കാരിന് മുന്നോട്ട് പോകാവുന്നതാണ്. |
| (ബി) | പ്രസ്തുത കേസ് തീർപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; പ്രസ്തുത കേസിന്റെ ഇപ്പോഴത്തെ അവസ്ഥയെന്തെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്ത് സ്മാർട്ട് ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് പുതിയ ടെൻഡർ ക്ഷണിക്കുന്നതിനെതിരെ M/s Rosemerta Solutions Pvt Ltd 2019 ൽ ഫയൽ ചെയ്ത 13525/2019 നമ്പർ റിട്ട് ഹർജി നിലവിലുണ്ട്. പ്രസ്തുത ഹർജിയുമായി ബന്ധപ്പെട്ട് ബഹു: കേരള ഹൈക്കോടതി 15/02/2023 ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് പ്രകാരം ഡ്രൈവിംഗ് ലൈസൻസ് പരിഷ്കരിക്കുന്നതിനുള്ള നടപടികളുമായി സർക്കാരിന് മുന്നോട്ട് പോകാവുന്നതാണ്. |
| (സി) | രാജ്യത്തെ ഒട്ടുമിക്ക സംസ്ഥാനങ്ങളും സ്മാർട്ട് ഡ്രൈവിംഗ് ലൈസൻസ് നൽകുമ്പോൾ സംസ്ഥാനത്തിന് ഇങ്ങനെയൊരു കേസിന്റെ പേരിൽ മാത്രം സ്മാർട്ട് കാർഡ് ലൈസൻസ് നൽകുന്നതിൽ നിന്ന് ദീർഘ നാൾ മാറി നിൽക്കേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | (സി) | നിലവിലുള്ള പേപ്പർ അധിഷ്ഠിത ലൈസൻസുകൾ/ സർട്ടിഫിക്കറ്റുകൾ എന്നിവയിൽ നിന്ന് അടിയന്തരമായി മാറ്റം വരുത്തേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നതിനാൽ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി ഡ്രൈവിംഗ് ലൈസൻസുകളും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും പിവിസി പെറ്റ് ജി കാർഡിൽ (ചിപ്പ് ഇല്ലാത്തത്) പ്രിന്റ് ചെയ്യുന്നതിന് 11/01/2023 ലെ G.O.(Rt) No.22/2023/Trans പ്രകാരം ഉത്തരവ് |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിച്ചിട്ടുണ്ട്. അത്തരത്തിലുള്ള നടപടിയുമായി മുന്നോട്ട് പോകുന്നതിന് സർക്കാരിന് സ്വാതന്ത്ര്യമുണ്ടെന്ന് ബഹു: കേരള ഹൈക്കോടതി 15/02/2023 ലെ WA 1892/2019-ലെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ള ഡ്രൈവിംഗ് ലൈസൻസുകൾ കാർഡ് രൂപത്തിലാക്കി മാറ്റുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട് |
| (ഡി) | എല്ലാവിഷയത്തിലും ഒന്നാം സ്ഥാനത്തെത്തുന്നതിന് സാധിക്കുന്ന കേരളത്തിന് ഈ വിഷയത്തിൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളുടെയും പുറകിൽ പോകേണ്ടിവരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | ഇല്ല |
| (ഇ) | സ്മാർട്ട് ഡ്രൈവിംഗ് ലൈസൻസുകൾ നൽകുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | പൈലറ്റ് പ്രോജക്റ്റ് ആയി മൂന്ന് ഓഫീസുകളുടെ ഡ്രൈവിംഗ് ലൈസൻസ് കാർഡ് രൂപത്തിൽ അച്ചടി ആരംഭിച്ചിട്ടുണ്ട്. ഇത് പൂർണ്ണതോതിൽ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ